(സി) ചില വ്യവസ്ഥകൾക്ക് വിധേയമായി കരാർ വ്യവസ്ഥ പ്രകാരം തൊഴിലാളികളെ പണിയെടുപ്പിയ്ക്കാവുന്നതാണ്. പീസ് റേറ്റ് അടിസ്ഥാനത്തിലും ചില മേഖലകളിൽ പണിയെടുപ്പിക്കുന്നത് അനുവദനീയമാണ്.

(ഡി) 1970-ൽ കരാർ തൊഴിൽ നിയമം (നിയന്ത്രണവും നിരോധനവും) വകുപ്പ് 10 അനുസരിച്ച് കരാർ തൊഴിൽ തടയുന്നതിന് വ്യവസ്ഥയുണ്ട്. ഇങ്ങനെ തടയുമ്പോൾ കരാർ തൊഴിലാളികൾ മുഖ്യതൊഴിലുടമയുടെ നേരിട്ടുള്ള തൊഴിലാളികൾ ആകുന്നതാണ്. 1948-ലെ മിനിമം വേതന നിയമത്തിലെ വകുപ്പ് 3(2) ബി അനുസരിച്ച് പീസ് റേറ്റ് അടിസ്ഥാനത്തിൽ മിനിമം വേതനം നിശ്ചയിക്കാൻ വ്യവസ്ഥയുണ്ട്.

(ഇ) ഈ സമ്പ്രദായം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപെട്ടാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമമനുസരിച്ച് 2001 മുതൽ 2003 ഡിസംബർ വരെ 2855 പ്രോസിക്യൂഷൻ നടപടികളും മിനിമം വേതന നിയമം ലംഘിച്ച തൊഴിലുടമകൾക്കെതിരായി 2002 ഡിസംബർ വരെ 1802 പ്രോസിക്യൂഷൻ നടപടികളും ബാലവേല നിയമമനുസരിച്ച് 2001-ൽ ഒരു പ്രോസിക്യൂഷൻ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരായി മിനിമം വേതനം നിയമപ്രകാരം 2001 മുതൽ 2003 ഡിസംബർ വരെ 860 ക്ലെയിം പെറ്റീഷനുകൾ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്.

ജലഗതാഗതം പ്രോത്സാഹിപ്പിക്കാൻ നടപടി

9 [*339] ശ്രീ. ഡി. സുഗതൻ :
,, എം. മുരളി :
,, പി. ടി. തോമസ് :
,, എം. എ. വാഹീദ് :

പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര നദികളും തോടുകളും കായലുകളും യന്ത്രവൽകൃത ബോട്ടുകളുപയോഗിച്ചുള്ള ഗതാഗതത്തിന് അനുയോജ്യമായവയാണ് ;

(ബി) ഈ ജലപാതകളിൽ ഇപ്പോൾ യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ചുള്ള ഗതാഗതം നടത്തുന്നുണ്ടോ ;

(സി) ജലഗതാഗതത്തിന് ചെലവ് കുറവാണോ ;

(ഡി) എങ്കിൽ ജലഗതാഗതത്തെ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ ?

GCPT. 2/2317/2013/TP.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) അഷ്ടമുടി കായൽ, പമ്പ, മണിമല എന്നീ നദികൾ വേമ്പനാട്ടുകായലു മായി ചേരുന്ന അവസാന ഭാഗത്തും ആലപ്പുഴ-കോട്ടയം, ആലപ്പുഴ, ചങ്ങനാശ്ശേരി ജല പാതകൾ, വേമ്പനാട്ടുകായൽ, വൈക്കം കായൽ, പെണ്ണാർതോട്, പെരുമ്പളം കായൽ, കൊച്ചി കായലിന്റെ വിവിധ ഭാഗങ്ങൾ, കൊറ്റി-കോട്ടപ്പുറം ജലപാത എന്നിവിടങ്ങളിൽ ജലഗതാഗത വകുപ്പ് യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കുറവാണ്.

(ഡി) ജലഗതാഗത വകുപ്പിൽ പാസഞ്ചർ സർവ്വീസാണ് നടത്തുന്നത്. ജലപാത കളുടെ വികസനം അറ്റകുറ്റപ്പണി, നവീകരണം മുതലായവ ഇറിഗേഷൻ വകുപ്പാണ് ചെയ്യുന്നത്. ജലയാത്രക്കായി സ്റ്റീൽ, ഫൈബർ ബോട്ടുകൾ ആധുനിക രീതിയിൽ നിർമ്മിച്ച് സർവ്വീസ് നടത്തുന്നതാണ്.

അടച്ചുപൂട്ടാൻ നോട്ടീസ് ലഭിച്ചിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ

10 [*340] ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, ടി. പി. രാമകൃഷ്ണൻ :
,, എം. വി. ജയരാജൻ :
,, എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹു. സുപ്രീംകോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റി മാലിന്യ സംസ്കരണത്തിനുള്ള താല്ക്കാലിക സംവിധാനം ഏർപ്പെടുത്താത്ത സംസ്ഥാനത്തെ ഇരുനൂറോളം വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾക്കാണ് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സുപ്രീംകോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശപ്രകാരം അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) വ്യവസായങ്ങൾ അടച്ചുപൂട്ടേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് വ്യവസാ യവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്):

(എ) ഉണ്ട്.

(ബി) 198 വ്യവസായസ്ഥാപനങ്ങൾക്കാണ് അടച്ചുപൂട്ടൽ നോട്ടീസ് നൽകിയത്. നോട്ടീസ് നൽകിയ വ്യവസായശാലകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly